"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.അനിൽകുമാർ പി.-യ്ക്ക് ഔദ്യോഗിക ആവശ്യത്തിന് 18/06/2025 ന് പെരിന്തൽമണ്ണ പുലാമന്തോൾ ഗ്രാമ ന്യായാലയ കോടതി മുൻപാകെ സാക്ഷിവിസ്താരത്തിന് ഹാജരായതിന് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4234/2025/GEDN തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:- പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.അനിൽകുമാർ പി. സമർപ്പിച്ച 20/06/2025-ലെ അപേക്ഷ.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.അനിൽകുമാർ പി. മലപ്പുറം ജില്ലയിലെ താഴേക്കാട് വില്ലേജിൽ വില്ലേജ് അസിസ്റ്റന്റായി ജോലി ചെയ്ത് വരുന്ന വേളയിൽ പെരിന്തൽമണ്ണ സ്റ്റേഷൻ ക്രൈം നമ്പർ 767/07 നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ സംഭവ സ്ഥലം പരിശോധിച്ച് സ്കെച്ച് & പ്ലാൻ തയ്യാറാക്കി നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ST139/2017 നമ്പർ കേസിൽ പെരിന്തൽമണ്ണ പുലാമന്തോൾ ഗ്രാമ ന്യായാലയ കോടതി മുൻപാകെ സാക്ഷി വിസ്താരത്തിന് ടിയാൻ ഹാജരായതിന് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഔദ്യോഗിക ആവശ്യത്തിന് 18/06/2025-ന് ഹാജരായതിന് സർട്ടിഫിക്കറ്റ് ടി കോടതിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.അനിൽകുമാർ പി.-ക്ക് ഔദ്യോഗിക ആവശ്യത്തിന് 18/06/2025-ന് പെരിന്തൽമണ്ണ പുലാമന്തോൾ ഗ്രാമ ന്യായാലയ കോടതി മുൻപാകെ സാക്ഷി വിസ്താരത്തിന് ഹാജരായതിന് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ.അനിൽകുമാർ പി., സെക്ഷൻ ഓഫീസർ, പൊതുവിദ്യാഭ്യാസ (എ)
വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ (ബഡ്ജറ്റ് വിങ്) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/125/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 27-06-2025 11:07:00

സെക്ഷൻ ഓഫീസർ